# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.119

07.06.2018-ൽ മറുപടിക്ക്

### പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിലും ജീവിതവും സംരക്ഷിക്കുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.റോജി എം. ജോൺ<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.ഹൈബി ഈഡൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മതിയായ രേഖകളില്ലാതെ മത്സ്യബന്ധനം നടത്തുന്ന ട്രോളറുകളും കപ്പൽ ചാൽ വിട്ട് സഞ്ചരിക്കുന്ന കപ്പലുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവന് ഭീഷണി ആകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരളത്തിന്റെ കടൽത്തീരത്ത് 12 നോട്ടിക്കൽ മൈലിനുള്ളിൽ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ EEZ ൽ കപ്പൽ ഇടിച്ചുണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട്. ട്രോളറുകളുടെ രജിസ്ട്രേഷൻ, ഫിഷിംഗ് ലൈൻസ് എന്നിവ സംബന്ധിച്ച് മറൈൻ എൻഫോഴ്സ്മെന്റും EEZ ൽ കോസ്റ്റ് ഗാർഡും പരിശോധന നടത്തുകയും മതിയായ രേഖകളില്ലാത്ത ട്രോളറുകൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നതിനാൽ സമീപകാലത്ത് രേഖകളില്ലാത്ത ട്രോളറുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഉൾക്കടലിൽ മത്സ്യബന്ധനം നടത്തുന്ന ട്രോളറുകളും നിരോധിത പെലാജിക് ട്രോളിംഗും പഴ്സീൻ വലകൾ ഉപയോഗിച്ച് നടത്തുന്ന മത്സ്യബന്ധനവും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം കിട്ടാത്ത അവസ്ഥ സംജാതമാക്കിയിട്ടുണ്ടോ; | (ബി) | ഉൾക്കടലിൽ നിയമാനുസൃതം നടത്തുന്ന ട്രോളിംഗ് മൂലവും ഉൾക്കടലിലെ പഴ്സീൻ ഉപയോഗിച്ചുള്ള മത്സ്യബന്ധനം മൂലവും പര മ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യലഭ്യതയിൽ കുറവു ണ്ടാകുകയില്ല. പരമ്പരാഗത മത്സ്യബന്ധനം നടക്കുന്നത് ഭൂരിഭാഗവും കേരളത്തിന്റെ അധികാര പ രിധിയായ 12 നോട്ടിക്കൽ മൈലിനുള്ളിലാണ്. പെലാജിക് ട്രോളിംഗ് അനുവദനീയമല്ല. പെലാജിക് ട്രോളിംഗ് ശ്രദ്ധയിൽപ്പെട്ടാൽ അത്തരം യാനങ്ങൾ ക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനാൽ അത്തരം മത്സ്യബന്ധനം നിയന്ത്രിക്കാൻ സാധി ച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഓഖി ദുരന്തത്തിന് ശേഷം കാലാവസ്ഥ നിരീക്ഷണകേന്ദ്രം നൽകുന്ന മുന്നറിയിപ്പുകളും കടലിന്റെ പ്രക്ഷുബ്ധാവസ്ഥയും മത്സ്യബന്ധനമേഖലയിൽ ഉണ്ടാക്കിയിട്ടുള്ള തൊഴിലില്ലായ്മ കാരണം മത്സ്യത്തൊഴിലാളികൾ ബുദ്ധിമുട്ടിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഓഖി ദുരന്തത്തിനുശേഷം കാലാവസ്ഥാ നിരീക്ഷണകേന്ദ്രം നൽകുന്ന മുന്നറിയിപ്പുകളും കടലിന്റെ പ്രക്ഷുബ്ധാവസ്ഥയും കൃത്യമായും മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുണ്ട്. കടൽ കൂടുതൽ പ്രക്ഷുബ്ധമാകുന്ന ദിവസങ്ങളിൽ മാത്രമാണ് കടലിൽ പോകരുതെന്ന് നിർദ്ദേശിക്കുന്നത്. ഇങ്ങനെ തൊഴിൽ ദിനങ്ങളിൽ ചെറിയ കുറവ് വന്നാലും തുടർന്നുള്ള ദിവസങ്ങളിൽ മെച്ചപ്പെട്ട രീതിയിൽ മത്സ്യം ലഭിക്കുന്നതിനാൽ അതൊരു ബുദ്ധിമുട്ടായി മത്സ്യത്തൊഴിലാളികളിൽ നിന്നും പരാതിയായി ലഭിച്ചിട്ടില്ല. |
| (ഡി) | എങ്കിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിലും ജീവിതവും സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായി നിർഭയം തൊഴിൽ ചെയ്യുന്നതിന് സഹായകമായ ലൈഫ് ജാക്കറ്റുകൾ നൽകുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകുകയും അതനുസരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ച് വരികയുമാണ്. കാലാവസ്ഥാ വ്യതിയാനങ്ങളും മറ്റ് അപകടങ്ങളും സംബന്ധിച്ച് കടലിൽ 1500 കി.മീറ്റർ അകലെ വരെ മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകാൻ കഴിയുന്ന **'നാവിക്'** ഉപകരണം ISRO യുടെ സഹായത്തോടു കൂടി വികസിപ്പിച്ചെടുത്തിട്ടുണ്ട്. കെൽട്രോൺ വഴി വ്യാവസായിക അടിസ്ഥാനത്തിൽ അവ നിർമ്മിച്ച് എല്ലാ മത്സ്യത്തൊഴിലാളികൾക്കും നൽകുന്നതിന് ഉദ്ദേശിക്കുന്നു. കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനങ്ങളുടെയും അതിലെ തൊഴിലാളികളുടെയും വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന 'സാഗര' എന്ന ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷൻ NIC യുടെ സഹായത്തോടെ വികസിപ്പിച്ചെടുക്കുകയും അത് നടപ്പിലാക്കി തുടങ്ങുകയും ചെയ്തിട്ടുണ്ട്. മത്സ്യമേഖലയുടെ സമഗ്ര വികസനം ലക്ഷ്യം വെച്ച് 2000 കോടി രൂപയുടെ ഒരു സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കുകയും ആയതിന് DPR തയ്യാറാക്കുന്ന പ്രവർത്തി നടന്നുകൊണ്ടിരിക്കുകയുമാണ്. ഓഖി ദുരന്തത്തിൽ പൂർണ്ണമായും ഭാഗികമായും നാശനഷ്ടങ്ങൾ സംഭവിച്ച മുഴുവൻ മത്സ്യബന്ധന യാനങ്ങൾക്കും അവയ്ക്ക് ഉണ്ടായ നഷ്ടങ്ങൾക്ക് ആനുപാതികമായ തുക നഷ്ടപരിഹാരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**